# ഒരേ മരുന്ന്, രണ്ടുതരം വില

തിരുവനന്തപുരം: മരുന്ന് ഒന്ന്. കമ്പനി വേറെ. വില രണ്ടിരട്ടി. മരുന്ന്കമ്പനികളുടെ മാൽസര്യം രോഗിക്ക് സമ്മാനിക്കുന്നത് ധനനഷ്ടവും അനാവശ്യമായിമരുന്ന് കഴിച്ചുണ്ടാകുന്ന അസുഖ ങ്ങളും മാത്രം. ഔഷധ രംഗത്തെ കാണാപ്പുറങ്ങൾ പൊതുജനത്തിന് വെളിപ്പെടുത്തുന്ന 'മുഖംമൂടി പ്രദർശനത്തിലാണ് ഈ കൊട്ടുംചതി തെളിവ്സഹിതം പ്രദർശിപ്പിച്ചിരുന്നത്. മെഡി. ഹോസ്പിറ്റൽ ആന്റ് ക്ലിനിക്കൽ ഫാർമസി വിഭാഗമാണ് വി. ജെ. ടി. ഹാളിൽ പ്രദർശനവും സെമിനാറും സംഘടിപ്പിച്ചത്.

ആസ്മമക്കുള്ള സാൽബ്യൂട്ടാമോൾ 2 മി. ഗ്രാം. മരുന്ന് സിപ്ലായുടെ 'അസ്താലിൻ ആയിമാറുമ്പോൾ പത്ത് ഗുളികൾക്ക് ടാക്സ് കൂടാതെ 3രൂ. 43 പൈസ ഇടാക്കുന്നു. എന്നാൽ ഇതേ രോഗത്തിനുള്ള ഇറോസ് ഫാർമ്മ കമ്പനിയുടെ സാൽബിഡിന് ടാക്സിന് പുറമേ ഒരു രൂപ 8 പൈസയേ വാങ്ങൂ. ഇന്ത്യയിലാർക്കും മെഡി. റപ്രസെന്റീവ് ആകാമെന്നതുപോലെ ആർക്കും തോന്നിയപ്പോലെ മരുന്ന് വിൽക്കുകയുമാവാം!